(8 pages) **Reg. No. : ...............................**

**Code No. : 20763** **Sub. Code : C 1 MY 21**

B.A./B.Sc. (CBCS) DEGREE EXAMINATION,
APRIL 2022.

Second Semester

Part I — Malayalam

Paper II — GADYASAHITHYAM –
PROSE LITERATURE

(For those who joined in July 2021 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ദ്വാരക എന്ന ആദ്യകാലകഥയുടെ രചയിതാവാര്?

   (a) മൂർക്കോത്ത് കുമാരൻ

   (b) എം.ആർ.കെ.സി.

   (c) ഇ.വി. കൃഷ്ണപിള്ള

   (d) വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ

2. താഴെ കൊടുത്തിരിക്കുന്നതിൽ കാരൂർ നീലകണ്ഠ പ്പിള്ളയുടെ കഥയേത്?

   (a) മരപ്പാവകൾ (b) ജന്മദിനം

   (c) മൂന്നാമതൊരാൾ (d) തിരുത്ത്

3. ആദ്യകാല നോവലുകളിലൊന്നായ ശാരദയുടെ രചയിതാവ്?

   (a) അപ്പു നെടുങ്ങാടി

   (b) ചന്തുമേനോൻ

   (c) പോത്തേരി കുഞ്ഞമ്പു

   (d) ചെറുവലത്ത് ചാത്തുനായർ

4. വൈക്കം മുഹമ്മദ് ബഷീർ എഴുതിയ നോവലാണ്

   (a) പാത്തുമ്മയുടെ ആട്

   (b) യന്ത്രം

   (c) ഗുരുസാഗരം

   (d) രണ്ടാമൂഴം



Nesamony Memorial Christian College, Marthandam

5. കണ്ണീരും കിനാവും എന്ന പ്രശസ്തമായ ആത്മകഥ യുടെ രചയിതാവ്

(a) സി. കേശവൻ

(b) വി.ടി. ഭട്ടതിരിപ്പാട്

(c) ജോസഫ് മുണ്ടശ്ശേരി

(d) സുകുമാർ അഴീക്കോട്

6. പി. കുഞ്ഞിരാമൻ നായരുടെ ആത്മകഥയുടെ പേര്

(a) ആരോടും പരിഭവമില്ലാതെ

(b) എന്റെ ജീവിതയാത്ര

(c) കവിയുടെ കാല്പാടുകൾ

(d) കൊഴിഞ്ഞ ഇലകൾ

7. പാതിരാസൂര്യന്റെ നാട്ടിൽ എന്ന കൃതി ഏതു വിഭാഗ ത്തിൽപ്പെടുന്നു?

(a) നിരൂപണം (b) സഞ്ചാരസാഹിത്യം

(c) ജീവചരിത്രം (d) നോവൽ



8. പാറമ്മേക്കൽ തോമ്മാക്കത്തനാർ റോമിലേക്കു നടത്തിയ യാത്രയെക്കുറിച്ച് എഴുതിയ കൃതി ഏത്?

(a) കാശിയാത്രാ റിപ്പോർട്ട്

(b) വർത്തമാനപ്പുസ്തകം

(c) രാമേശ്വരയാത്ര

(d) ഊർസ്ലേം യാത്രാവിവരണം

9. ഫാസിസത്തിന്റെ മനഃശാസ്ത്രം എന്ന കൃതിയുടെ രചയിതാവ്

(a) എം.എൻ. വിജയൻ

(b) സുകുമാർ അഴീക്കോട്

(c) കെ.പി. അപ്പൻ

(d) എം.പി. ശങ്കുണ്ണിനായർ

10. തത്ത്വമസി - രചയിതാവാര്?

(a) സുകുമാർ അഴീക്കോട്

(b) എ. ശ്രീധരമേനോൻ

(c) വി. രാജകൃഷ്ണൻ

(d) എൻ. കൃഷ്ണപിള്ള



*Nesamony Memorial Christian College, Marthandam*

PART B — (5 × 5 = 25 marks)

250 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. (a) പ്രകൃതിയെ മറന്നുകൊണ്ടുള്ള കൃത്രിമ ജീവിതമാണ് മനുഷ്യന്റേത് എന്നു തുറന്നു കാണിക്കുന്ന കഥയാണ് ഉതുപ്പാന്റെ കിണർ - നിരൂപിക്കുക.

അല്ലെങ്കിൽ

(b) കൃഷ്ണഗാഥ എന്ന കഥ സമകാലികലോകത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ വിമർശനാത്മകമായി സമീപിക്കുന്നുവെന്ന വാദം പരിശോധിക്കുക.

12. (a) മലയാളത്തിലെ നോവൽ സാഹിത്യത്തിൽ ഇന്ദുലേഖയുടെ സ്ഥാനം അടയാളപ്പെടുത്തുക.

അല്ലെങ്കിൽ

(b) ജയിലറുമായി ബഷീറിനുള്ള ബന്ധം എടുത്തുകാണിക്കുന്ന സന്ദർഭങ്ങൾ ഏതെല്ലാം ? വിവരിക്കുക.

13. (a) എന്തെല്ലാം സവിശേഷതകളാണ് സ്മരണ എന്ന വിഭാഗത്തിൽ വരുന്ന കൃതികൾക്കുള്ളത്?

അല്ലെങ്കിൽ

(b) ഗുരുസ്മരണ എന്ന കൃതിയുടെ പ്രസക്തിയും പ്രാധാന്യവും വിശദമാക്കുക.



14. (a) വ്യക്തിപരമായ വീക്ഷണങ്ങൾ യാത്രാനുഭവത്തെ സ്വാധീനിക്കുന്നുവെന്നു തോന്നുന്നുണ്ടോ? വിശദമാക്കുക.

അല്ലെങ്കിൽ

(b) ഹൈമവതഭൂവിൽ എന്ന കൃതിയിലെ ഏഴാമത്തെ അധ്യായം - ചുരുക്കിയെഴുതുക.

15. (a) ഉപന്യാസം എന്നാലെന്ത്? പ്രത്യേകതകൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) മാധ്യമങ്ങളുടെ പൊതുസ്വഭാവത്തെക്കുറിച്ച് എം.എൻ. വിജയന്റെ നിലപാടെന്ത് ? വിശദീകരിക്കുക.

PART C — (5 × 8 = 40 marks)

600 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

16. (a) മനുഷ്യന്റെ വികസനസങ്കല്പത്തിലെ പ്രകൃതി വിരുദ്ധതയെ ഉതുപ്പാന്റെ കിണർ ചൂണ്ടിക്കാണിക്കുന്നു - സമകാലികലോകത്ത് ഇതിനുള്ള പ്രസക്തിയെന്ത്? പരിശോധിക്കുക.

അല്ലെങ്കിൽ



Nesamony Memorial Christian College, Marthandam

(b) സ്ത്രീകളോട് ആദരവ് പ്രകടിപ്പിക്കുന്ന പുരുഷനും ആദരണീയമായ പദവിയിൽ ഇരുന്നുകൊണ്ട് ലൈംഗികോപകരണമായി സ്ത്രീയെ കാണുന്ന പുരുഷനും കൃഷ്ണഗാഥയിലുണ്ട് - വിലയിരുത്തുക.

17. (a) പത്തൊമ്പതാം നൂറ്റാണ്ടിൽ മലയാളത്തിലെ നോവൽസാഹിത്യത്തിനുണ്ടായ വളർച്ച വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) ഒരിക്കലും കണ്ടുമുട്ടാത്ത രണ്ടുപേരുടെ അഗാധപ്രണയമാണ് മതിലുകൾ എന്ന കൃതിയെ ഉദാത്തമാക്കുന്നത് - പരിശോധിക്കുക.

18. (a) ആത്മകഥയും ജീവചരിത്രവും സ്മരണയും തമ്മിൽ വ്യത്യാസങ്ങളുണ്ട് - ഇവ എന്തെല്ലാമെന്ന് വിശദമാക്കുക.

അല്ലെങ്കിൽ

(b) കലാമണ്ഡലം കൃഷ്ണൻ നായരുടെ ഗുരുസ്മരണ - ആസ്വാദനക്കുറിപ്പെഴുതുക.



19. (a) സഞ്ചാരസാഹിത്യം എന്നാലെന്ത്? ഇതിനുള്ള പ്രാധാന്യം പുതിയ കാലത്ത് വർദ്ധിച്ചിരിക്കുന്നുവെന്ന് പറയാനാവുമോ? ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) എം.പി. വീരേന്ദ്രകുമാറിന്റെ ഹൈമവതഭൂവിൽ എന്ന കൃതിയെ വ്യത്യസ്തമാക്കുന്ന പശ്ചാത്തല വിവരണങ്ങൾ എന്തെല്ലാം ? വിലയിരുത്തുക.

20. (a) ഉപന്യാസമെഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം? ഉപന്യാസരചനകൾ പ്രസക്തമാകുന്നതെന്തുകൊണ്ട്?

അല്ലെങ്കിൽ

(b) മനസ്സും മാധ്യമങ്ങളും എന്ന ലേഖനത്തെ ക്കുറിച്ച് നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

———————



*Nesamony Memorial Christian College, Marthandam*